**"CORRUPTION, A CRIME AGAINST NATION"**


വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393


തീയതി. 19.02.2025

# റൂട്ട് പെർമിറ്റിന് കൈക്കൂലിയായി പണവും മദ്യവും:- റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറും, രണ്ട് ഏജന്റുമാരും വിജിലൻസ് പിടിയിൽ.

എറണാകുളം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലെ ആർ.റ്റി.ഒ ജെർസണിനെയും, ഏജന്റുമാരായ സജി, രാമപടിയാർ എന്നിവരെയും 5,000/- രൂപയും ഒരു കുപ്പി മദ്യവും കൈക്കൂലിയായി വാങ്ങിയതിന് ഇന്ന് (19/02/2025) എറണാകുളം വിജിലൻസ് പിടികൂടി.

ചെല്ലാനം സ്വദേശിയായ പരാതിക്കാരൻ മാനേജരായി ചുമതല വഹിച്ചുവരുന്ന പരാതിക്കാരന്റെ സുഹൃത്തിന്റെ പേരിലുള്ള ചെല്ലാനം-ഫോർട്ട് കൊച്ചി റൂട്ടിൽ സർവ്വീസ് നടത്തുന്ന പ്രൈവറ്റ് ബസ്സിന്റെ റൂട്ട് പെർമ്മിറ്റ് ഈമാസം 3-ാം തീയതി അവസാനിച്ചിരുന്നു. പെർമ്മിറ്റ് പരാതിക്കാരന്റെ സുഹൃത്തിന്റെ തന്നെ പേരിലുള്ള മറ്റൊരു ബസ്സിന് അനുവദിച്ചു നൽകുന്നതിന് എറണാകുളം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ അപേക്ഷ നൽകിയിരുന്നു. തുടർന്ന് ആർ.റ്റി.ഒ ജെർസൺ 06/02/2025 വരെ താല്കാലിക പെർമിറ്റ് അനുവദിക്കുകയും അതിന് ശേഷം പലകാരണങ്ങൾ പറഞ്ഞ് മനപൂർവ്വം പെർമിറ്റ് അനുവദിക്കുന്നത് വൈകിപ്പിച്ചു. തുടർന്ന് ജെർസണിന്റെ നിർദ്ദേശപ്രകാരം ഏജന്റായ രാമപടിയാർ പരാതിക്കാരനെ നേരിൽ കണ്ട് പെർമിറ്റ് അനുവദിക്കുന്നതിന് മറ്റൊരു ഏജന്റായ സജിയുടെ കയ്യിൽ 5,000/- രൂപ കൈക്കൂലി നൽകണമെന്ന് ആർ.റ്റി.ഒ ജെർസൺ പറഞ്ഞതായി അറിയിച്ചു. തുടർന്ന് പരാതിക്കാരൻ ഈ വിവരം എറണാകുളം വിജിലൻസ് യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി നിരീക്ഷിച്ചു വരവേ ഇന്ന് (19/02/2025) ഉച്ചക്ക് 01.00 മണിക്ക് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന് മുന്നിൽ വച്ച് പരാതിക്കാരനിൽ നിന്നും ആർ.റ്റി.ഒ ജെർസണിന്റെ ഏജന്റായ സജി 5,000/- രൂപയും ഒരു കുപ്പി വിദേശ മദ്യവും കൈക്കൂലിയായി വാങ്ങവേ ഒപ്പമുണ്ടായിരുന്ന മറ്റൊരു ഏജന്റായ രാമപടിയാറോടൊപ്പം ഇരുവരേയും വിജിലൻസ് സംഘം കൈയ്യോടെ പിടികൂടുകയാണുണ്ടായത്. തുടർന്ന് ഏജന്റുമാരായ സജിയുടെയും രാമപടിയാറുടെയും കുറ്റസമ്മത മൊഴികളുടെയും മറ്റ് തെളിവുകളുടെയും അടിസ്ഥാനത്തിൽ ആർ.റ്റി.ഒ ജെർസണെയും അറസ്റ്റ് ചെയ്തു. അറസ്റ്റ് ചെയ്ത പ്രതികളെ മൂവാറ്റുപുഴ വിജിലൻസ് കോടതിയിൽ ഹാജരാക്കും.

ആർ.റ്റി.ഒ ജെർസണിന്റെ ഇടപ്പള്ളിയിലുള്ള വീട്ടിൽ നടന്ന സെർച്ചിൽ 49 കുപ്പി വിദേശ മദ്യശേഖരം വിജിലൻസ് കണ്ടെത്തി. ആയതിലേക്ക് പ്രത്യേകം കേസ് രജിസ്റ്റർ ചെയ്യുന്നതിന് റിപ്പോർട്ട് കൊടുക്കുന്നതാണ്

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. യോഗേഷ് ഗുപ്ത ഐ.പി.എസ് അഭ്യർത്ഥിച്ചു.